**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** | **29-01-2024 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ലീഗൽ മെട്രോളജി ആക്ട് 2009, ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് 2011, കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ്-2012 എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പാക്കൽ, അളവിലും തൂക്കത്തിലുമുള്ള കൃത്രിമങ്ങൾ തടയൽ, പായ്ക്കറ്റ് ഉൽപ്പന്നങ്ങളിൽ നിർദ്ദിഷ്ടപ്രഖ്യാപനങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കൽ, പ്രഖ്യാപനങ്ങളിൽ തിരുത്തൽ വരുത്തുകയോ അമിത വില ഈടാക്കുകയോ ചെയ്യുന്നത് തടയൽ എന്നിവയാണ് പ്രധാനമായും വകുപ്പിന്റെ ചുമതല. ആയതിൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. പിഴ ഒടുക്ക് വരുത്താത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരി ക്കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി പരിശോധനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിരുന്നെങ്കിലും, ഇപ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയത് ഉപഭോക്തൃ സംരക്ഷണത്തെ ബാധിക്കുന്നു എന്ന് കണ്ടതിനാൽ പരിശോധനകൾ വ്യാപകമാക്കുവാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനും ആയത് വഴി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഏതൊക്കെ നിയമപ്രകാരമാണ് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർക്ക് കേസെടുക്കുന്നതിന് അധികാരമുള്ളത്; വിശദമാക്കാമോ; | (സി) | ലീഗൽ മെട്രോളജി ആക്ട് 2009, ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് 2011, കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് |

| | | | |
|---|---|---|---|
| | | | -2012 എന്നിവയുടെ അടിസ്ഥാനത്തിലാണ് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ കേസെടുക്കുന്നത്.<br><br>ലീഗൽ മെട്രോളജി ആക്ട് 2009 പ്രകാരം അളവുതൂക്കവും, ലൈസൻസ് സംബന്ധവുമായ കുറ്റകൃത്യങ്ങൾക്കും, ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ് 2011 പ്രകാരം പായ്ക്കറ്റിൽ പ്രഖ്യാപനങ്ങൾ ഇല്ലാത്തത്, തിരുത്തിയത്, അമിത വില ഈടാക്കിയത്, രജിസ്ട്രേഷൻ ഇല്ലാത്തത് എന്നിവയ്ക്കും, കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് 2012 പ്രകാരം യഥാസമയം അളവുതൂക്ക ഉപകരണങ്ങൾ പരിശോധനക്ക് ഹാജരാക്കാത്തതിനും, ലൈസൻസ് സംബന്ധമായ നടപടി ക്രമങ്ങൾ പാലിക്കാത്തതിനെതിരെയും കേസെടുക്കുന്നു. |
| (ഡി) | ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ ഒരു വർഷം സർക്കാരിലേക്ക് ലഭിക്കുന്ന ശരാശരി റവന്യൂ വരുമാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ച വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ പ്രതിവർഷം ശരാശരി റവന്യൂ വരുമാനമായി 46,74,12,839/-രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ